**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3961 26.06.2013-ൽ മറുപടിക്ക്**

**'ഡിഫിക്കൽറ്റ് റൂറൽ ഏരിയ'യിലെ സർക്കാർ ഡോക്ടർമാർക്ക് അനുവദിച്ച ബത്തകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 'ഡിഫിക്കൽറ്റ് റൂറൽ ഏരിയ' കളിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഡോക്ടർമാർക്ക് എന്തൊക്കെ ബത്തകളാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ബത്തകൾ ഇവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (എ) ദുർഘട ഗ്രാമീണ പ്രദേശങ്ങളായി നിലവിൽ കണക്കാക്കപ്പെടുന്നത് അഗളി, ആനക്കട്ടി, പുതൂർ, ഷോളയാർ, അട്ടപ്പാടി എന്നീ പ്രദേശങ്ങളെയാണ്. ഈ പ്രദേശത്തെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് അധിക പ്രത്യേക ബത്തയായി പ്രതിമാസം 4500 രൂപ അനുവദനീയമാണ്. ഇത് ലഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രത്യേക ഉത്തരവ് ആവശ്യമാണ്. ആയതിനായി നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എല്ലാ ഡോക്ടർമാർക്കും പ്രസ്തുത ബത്ത അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മേഖലകളിലെ ഡോക്ടർമാർക്ക് ഇതിനായി ബത്ത നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ; | (ബി) ദുർഘട ഗ്രാമീണ മേഖലയിലെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പ്രതിമാസം 4500 രൂപ ബത്തയായി നൽകി വരുന്നുണ്ട്. |
| (സി) കഴിഞ്ഞ ശമ്പള കമ്മീഷനിൽ പ്രസ്തുത ബത്ത വർദ്ധിപ്പിച്ചിരുന്നോ; ഇപ്പോൾ ഈ ഇനത്തിൽ ലഭിക്കുവാൻ അർഹതയുള്ള തുക എത്രയാണ്; | (സി) 2009-ലെ ശമ്പള പരിഷ്കരണത്തിൽ ദുർഘട ഗ്രാമീണ മേഖലയിലെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കുള്ള ബത്ത 3300 ആയിരുന്നത് 4500 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിന് 01.02.2011 മുതൽ പ്രാബല്യമുണ്ട്. |
| (ഡി) പ്രസ്തുത പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് അർഹതപ്പെട്ട ബത്ത ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) നിശ്ചിത ഫോറത്തിൽ മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്ന അർഹരായ ഡോക്ടർമാർക്ക് ബത്ത ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Sobha

സെക്ഷൻ ഓഫീസർ